9. ടി.ബി. രോഗികൾക്ക് കഫ പരിശോധനയ്ക്കും അതിനുശേഷം ഡോട്സ് നൽകുന്നതിനുമായി 250 രൂപ.

റെഡ് റിബ്ബൺ എക്സ്പ്രസ്സ്

40 (6192) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കഴിഞ്ഞ ഫെബ്രുവരിയിൽ എയിഡ്സ് ബോധവൽക്കരണത്തിന്റെ ഭാഗമായി 'റെഡ് റിബ്ബൺ എക്സ്പ്രസ്സ്' സംസ്ഥാനത്ത് പ്രദർശനം നടത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഈ പ്രദർശനത്തിന് മികച്ച രീതിയിൽ സംഘാടനം നടത്തിയ ജില്ലയ്ക്കും മികച്ച മാധ്യമ റിപ്പോർട്ടർക്കും എയിഡ്സ് കൺട്രോൾ സൊസൈറ്റി അവാർഡ് പ്രഖ്യാപിക്കുകയുണ്ടായോ ;

(സി) ഈ അവാർഡ് ഇതിനകം നൽകുകയുണ്ടായോ ;

(ഡി) എങ്കിൽ മികച്ച ജില്ല ഏതെന്നും മികച്ച മാധ്യമ റിപ്പോർട്ടർ ആരെന്നും വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇത് എന്നത്തേയ്ക്ക് നൽകാനാണുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പ്രദർശനം നടത്തുകയുണ്ടായി.

(ബി) അവാർഡ് പ്രഖ്യാപിക്കുകയുണ്ടായി.

(സി) നൽകിയിട്ടില്ല.

(ഡി) മികച്ച ജില്ല - കൊല്ലം

മികച്ച ടെലിവിഷൻ റിപ്പോർട്ടർ -ശ്രീ. ബി. ജെ. പ്രദീപ് (ജീവൻ ടി.വി. കൊച്ചി)

മികച്ച അച്ചടി റിപ്പോർട്ടർ - ശ്രീ. എം. സുരേഷ് ബാബു (ജനയുഗം, മലപ്പുറം)

(ഇ) അവാർഡ് നൽകുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല.

സമഗ്ര ചികിത്സാ നയം

41 (6193) ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ആരോഗ്യ രംഗത്ത് ഒരു സമഗ്ര ചികിത്സാ നയം ആവിഷ്കരിക്കുന്നതിനും ഡ്രഗ് ഹോർമുല തയ്യാറാക്കുന്നതിനും സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ചികിത്സാ നയത്തിൽ ലോകത്തിന്റെ വിവിധ കോണുകളിൽ നിലനിൽക്കുന്ന നല്ല വശങ്ങൾ ഉൾക്കൊള്ളിക്കുന്നതിനും ഇന്നേവരെ ആർജ്ജിച്ച അനുഭവസമ്പത്തുകൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) മരുന്നുകൾ നിർദ്ദേശിക്കുമ്പോൾ ബ്രാൻഡ് നെയിം ഒഴിവാക്കി ജനറിക് നെയിം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) & (ബി) നിലവിൽ കേരള സംസ്ഥാനത്തിനുവേണ്ടി ഒരു ഡ്രഗ് ഫോർമുലറി തയ്യാറാക്കുകയും അതിനെ കാലാനുസൃതമായിപരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. സമഗ്ര ചികിത്സാ നയത്തിന്റെ ഭാഗമായി ഒരു സ്റ്റാൻഡേർഡ് ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഏകീകൃത മെഡിക്കൽ ആക്ട്

42 (6194) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് ഏകീകൃത മെഡിക്കൽ ആക്ട് നിലവിലുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ ഏകീകൃതമായ മെഡിക്കൽ ആക്ട് കൊണ്ടുവരുന്നതിന് നടപടികൾ കൈക്കൊള്ളുമോ ;

(സി) ഇപ്പോൾ നിലവിലുള്ള ആക്ടിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) നിലവിലുള്ള ആക്ടുകൾക്ക് അനുസൃതമായി രൂപം നൽകിയിട്ടുള്ള റൂളുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) നിലവിലില്ല.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) & (ഡി) ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly